## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1027** **05.02.2020-ൽ മറുപടിക്ക്**

### ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ മിനിമം വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അന്വർ ജേക്കബ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പുവരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചത്; | (എ) ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 16/01/2020 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ.8/2020/തൊഴിൽ നമ്പരായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിജ്ഞാപനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ, ഇല്ലെങ്കിൽ നടപ്പാക്കാത്തതിന്റെ സാഹചര്യം പരിശോധിച്ച് ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന് 20/01/2020 മുതൽ പ്രാബല്യമുള്ളതാകുന്നു. സ്ഥാപന പരിശോധന വേളകളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ടി വിജ്ഞാപനപ്രകാരമുള്ള മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് പ്രസ്തുത വേതനം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടാൽ തുടർനടപടികൾ സ്വീകരിക്കുന്നതും, തുടർന്നും വേതനം നൽകുന്നില്ലെങ്കിൽ കുടിശ്ശിക ഈടാക്കി നൽകുന്നതിന് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.